# കവിയുടെ സൈക്കിൾ



ആർക്കൈവ്

കെ.ആർ. മീര

കവിതയിലെന്ന പോലെ നഗരത്തിരക്കിലും സ്വന്തമായ ഒരു വേഗം സൂക്ഷിക്കാൻ ഇഷ്ടപ്പെട്ട കവിയുടെ സൈക്കിളുകളെല്ലാം മോഷണം പോയതിന് പിന്നിൽ ആരാധകരോ തിരുവനന്തപുരത്തെ സ്ഥിരം സൈക്കിൾ മോഷ്ടാക്കളോ എന്നത് തികച്ചും ദുരൂഹം. പക്ഷെ, ഒടുവിൽ വാങ്ങിയ ഹീറോ സൈക്കിൾ കൂടി മോഷ്ടിക്കപ്പെട്ടതോടെ കവി ഒന്നു തീരുമാനിച്ചു. ഇനി സൈക്കിൾ വാങ്ങുന്നില്ല. അതോടെ മുറിഞ്ഞു 32 വർഷത്തെ സൈക്കിൾ ബന്ധം.

പഠിപ്പിച്ചിട്ടുള്ള കോളജുകളിലെല്ലാം വിഷ്ണു നാരായണൻ നമ്പൂതിരിയുടെ കവിതയും സാഹിത്യമധുരമായ ക്ലാസുകളും പോലെ തന്നെ പ്രസിദ്ധമായിരുന്നു അദ്ദേഹത്തിൻെറ സൈക്കിളും. പച്ച സീറ്റുള്ള, വൃത്തിയായി തുടച്ചുമിനുക്കിയ സൈക്കിൾ പലപ്പോഴും വിദ്യാർഥികളുടെ സ്നേഹാദരങ്ങൾ ഏറ്റുവാങ്ങി. ചിലപ്പോഴൊക്കെ രോഷവും. അധ്യാപകനോടുള്ള ആരാധന മൂത്ത് ചിലരൊക്കെ (പെൺകുട്ടികൾ തന്നെ) പൂക്കളും മറ്റും വച്ച് സൈക്കിൾ അലങ്കരിക്കാൻ തയാറായി. ഒരിക്കൽ തിരുവനന്തപുരത്ത് വച്ച് സമരത്തെ എതിർത്ത സാറിനോടുള്ള ദേഷ്യം തീർക്കാൻ ചിലർ സൈക്കിൾ സീറ്റ് കുത്തികീറുകപോലും ചെയ്തു. പ്രശ്നങ്ങളൊക്കെ പറഞ്ഞു തീർത്തപ്പോൾ സ്വന്തം തെറ്റ് മനസിലാക്കിയ കുട്ടികൾ പ്രായശ്ചിത്തം ചെയ്തതും സൈക്കിളിനോടു തന്നെ.

കോളജിൽ മാത്രമല്ല, തിരുവനന്തപുരത്തെ സമ്മേളനങ്ങൾക്കും കവിയരങ്ങുകൾക്കുമൊക്കെ കവി സൈക്കിളിലാണ് പോയിരുന്നത്. സംഘാടകർ അയക്കുന്ന കാറിൽ പോയാൽ. മറ്റു പ്രസംഗകരുടെ വീടുകളിലും കയറിയിറങ്ങി നേരമൊരുപാട് പാഴാകും. എന്നതാണ് ഇതിനു വിശദീകരണം. ഏതായാലും കവിയുടെ ബ്രാൻറ്മാർക്കാകാൻ ഇതു കാരണമായി. സൈക്കിൾ കൂടിയില്ലെങ്കിൽ കവിയുടെ ചിത്രം പൂർണമാവില്ലെന്നായി പല കാർട്ടൂണിസ്റ്റുകളുടെയും ഭാവം.

എറണാകുളം മഹാരാജാസിൽ ജോലിനോക്കുമ്പോഴാണ് ആദ്യം സൈക്കിൾ വാങ്ങുന്നത്. അതൊരു പങ്കുകച്ചവടമായിരുന്നു. അന്ന് കോളജ് അധ്യാപകർക്ക് ശമ്പളം നന്നേ കുറവ്. വീട്ടിലാണെങ്കിൽ ആൺകുട്ടികളില്ല. ഒരുപാട് തിരക്കുകൾ. വീട്ടു സാധനങ്ങൾ വാങ്ങാനും അരിപൊടിപ്പിക്കാനും കോളജിൽ പഠിപ്പിക്കാനുമൊക്കെ പോകാനും ഒരു വാഹനം അത്യാവശ്യം. സുഹൃത്തും പത്രപ്രവർത്തകനുമായ കെ.വി. രാമകൃഷ്ണനുമായി ചേർന്ന് അങ്ങനെ ഒരു റാലി സൈക്കിൾ വാങ്ങി. പകൽ സൈക്കിൾ കവിക്ക്, രാത്രി രാമകൃഷ്ണന് എന്ന് വ്യവസ്ഥ. അന്നു പോലിസിൽ നിന്ന് അവധിയെടുത്ത് വന്ന് എം.എ.ക്ക് പഠിക്കുകയാണ് രാമകൃഷ്ണൻ.

ചിറ്റൂരേക്ക് സ്ഥലംമാറ്റമായപ്പോൾ സൈക്കിൾ ഉപേക്ഷിക്കാൻ മനസുവന്നില്ല. നൂറുരൂപ കൊടുത്ത് രാമകൃഷ്ണൻെറ അവകാശം തീർ

ത്ത് സൈക്കിളും ചിറ്റൂരിലേക്ക് കൊണ്ടുപോയി.

ഗൃഹാതുരമായ ചില പാലക്കാടൻ സ്മരണകളുണ്ട്, സൈക്കിളുമായി ബന്ധപ്പെട്ട്. അന്ന് സഹപ്രവർത്തകനായ രാധാകൃഷ്ണനൊപ്പം നടത്തിയ യാത്രകൾ. ആഴ്ചയറുതികളിൽ കവിയും രാധാകൃഷ്ണനും ചിറ്റൂരിൽ നിന്ന് രാവിലെ സൈക്കിൾ യാത്ര തുടങ്ങും, പാലക്കാട്ടേക്ക്. കൊടുവായൂർ, തത്തമംഗലം, ഖസാക്കു വഴി നാടുകാണൽ. പാർത്തടത്തിലെ ഇരുൾ കുണ്ടുകൾ, വെളിച്ചങ്ങൾ, ശരിയും തെറ്റും മുറിച്ചിടചേർന്നകന്നുപോം ചെറുപാതകൾ, ജനം കലമ്പും കവലകൾ, വൃശ്ചിക പുലർകാല വയലിൻ കുളിർമണം ഒക്കെ കണ്ടുകണ്ടുള്ള യാത്ര. ഉച്ചക്ക് കവി ഒളപ്പമണ്ണയുടെ മനയിൽ നിന്ന് ഗംഭീര സദ്യ. വൈകീട്ട് കോട്ടമൈതാനത്ത് ഒരു സുഹൃത്സംഗമം. പിന്നെ, തിരിച്ച് ചിറ്റൂരേക്ക്....

തിരുവനന്തപുരത്ത് എത്തിയ ശേഷമാണ് ആ സൈക്കിൾ മോഷണം പോയത്. പോസ്റ്റ്ഓഫിസിന് മുന്നിൽ വച്ചായിരുന്നു സംഭവം. പരാതി കൊടുത്തെങ്കിലും ഫലമുണ്ടായില്ല. രണ്ടാമത് വാങ്ങിയ റാലി സൈക്കിൾ വീട്ടിൽ നിന്ന് തന്നെയാണ് പോയത്. അന്നു പത്രത്തിൽ വലിയ വാർത്ത വന്നു. പോലിസ് അന്വേഷണവും നടത്തി. സൈക്കിൾ വച്ചിരുന്ന സ്ഥലം, ജനാലയിൽ നിന്നുള്ള ദൂരം, ഗേറ്റിലേക്കുള്ള അകലം, ഒക്കെ വരച്ച് അളന്ന് കോലാഹലമുണ്ടാക്കി പോയെങ്കിലും സൈക്കിൾ കിട്ടിയില്ല. വീണ്ടും പരാതിയുമായി ചെന്നപ്പോൾ ഇൻസ്പെക്ടർ പറഞ്ഞു. പിടിച്ചെടുത്ത പത്തിരുനൂറ് സൈക്കിളിവിടെയുണ്ട് ഇഷ്ടമുള്ളത് ഒരെണ്ണം നോക്കിയെടുക്കണം സാർ! പക്ഷെ, അതിന് കവിക്ക് ധൈര്യം വന്നില്ല. ശരിയായ ഉടമസ്ഥൻ പിടികൂടിയാലോ? അതിലും ഭേദം പുതിയൊരു സൈക്കിൾ തന്നെ എന്നുവച്ചു.

പക്ഷെ, ഒരു കടയുടെ മുന്നിൽ നിന്ന് അതും മോഷ്ടിക്കപ്പെട്ടതോടെ മടുത്തെന്നു കവി. അതിനിടെ തിരുവല്ല. ശ്രീവല്ല ക്ഷേത്രത്തിലേക്ക് മേൽശാന്തിയായി പോവുകയും ചെയ്തു.

വിണ്ണിൽ മലർചൂടും ചില്ലകൾ വെടിയുക, പുതുമണം ഉയരും മണ്ണിൽ ചുവന്നിടുക എന്ന് കവി പണ്ടേ പറഞ്ഞതാണല്ലോ..

(മലയാള മനോരമ ഞായറാഴ്ച പതിപ്പ്
1996 ഓഗസ്റ്റ് നാല്)

**സൈക്കിളുമായി 32 വർഷത്തെ അടുപ്പമുള്ള വിഷ്ണു നാരായണൻ നമ്പൂതിരിയുമായി ഐ. ഷൺമുഖദാസ് സംസാരിക്കുന്നു**

■ **സൈക്കിൾ ഉപയോഗിക്കുന്നതിൻെറ ജസ്റ്റിഫിക്കേഷൻ.**

progress and happyness which can be shared by the majority. എല്ലാവർക്കും ആകാവുന്നത്. നമുക്ക് തന്നെ റിപ്പയർ ചെയ്യാവുന്നത്, കാറ്റടിക്കാവുന്നത്, സ്വാതന്ത്ര്യം, സ്വശ്രയത്വം തുടങ്ങിയ സങ്കൽപ്പങ്ങളുമായി പൊരുത്തപ്പെടുന്നത്. ഖാദി ധരിക്കുന്നതിലൂടെ അതുണ്ടാക്കുന്നവർക്ക് അമ്പത് ശതമാനമെങ്കിലും പണമെത്തും, ഇടത്തട്ടുകാരനില്ലാതെ. അതുപോലൊരു ന്യായീകരണം സൈക്കിളുപയോഗിക്കുന്നതിലും ഉണ്ട്. ഷുമാക്കറുടെ രണ്ട് മൂന്ന് പുസ്തകങ്ങൾ ഉണ്ട്. സ്മോൾ ഈസ് ബ്യൂട്ടിഫുൾ , ഗൈഡ് ഫോർ ദ പെർപ്ലെക്സ്ഡ്, പിന്നെ ഇൻറർമീഡിയറ്റ് ടെക്നോളജിയുടെ പ്രധാന്യത്തെക്കുറിച്ചെഴുതിയ പുസ്തകം. ഇന്ത്യക്കാരൻെറ വാഹനമായി ഷുമാക്കർ സങ്കൽപ്പിച്ചത് സൈക്കിളാണ്. മനുഷ്യ മുഖമുള്ള സാങ്കേതികത. ഗാന്ധിജിയെപ്പോലെ ടെക്നോളജിയോട് 'നോ' എന്ന് പറയലല്ല, എന്നാൽ ടെക്നോളജിയുമല്ല, ഇടക്കുള്ളത്. ഗാന്ധിജിയും അംഗീകരിക്കുമായിരുന്ന ഒന്ന്.

■ **നടത്തം**

നടത്തം എന്നുമുണ്ട്. വെളുക്കുമ്പോൾ ദിവസവും നടക്കും. കോളജിൽ ജോലിയായിരിക്കുമ്പോൾ സൈക്കിൾ അത്യാവശ്യമായിരുന്നു. ഒരു ഷെഡ്യൂൾ ഉള്ളപ്പോൾ അല്ലേ സൈക്കിൾ ആവശ്യമുള്ളൂ. കോളജിൽ നിന്ന് റിട്ടയർ ചെയ്തപ്പോൾ സമയമുണ്ട് നടക്കാൻ. തിരുവല്ലയിൽ ശാന്തിയായപ്പോൾ സൈക്കിൾ വേണ്ട എന്നായി.

■ **തിരുവനന്തപുരം**

പണ്ട് സൈക്കിളോടിക്കാൻ തിരുവനന്തപുരത്ത് വഴിയുണ്ട്. ഇപ്പോൾ ഇല്ല. തിരുവനന്തപുരത്ത് അക്കാലത്ത് ഞാൻ മാത്രമല്ല സൈക്കിൾ പതിവാക്കിയിരുന്നത്. ഡോക്ടർ പി.കെ. ആർ. വാര്യരുണ്ട്. സൈക്കിളിലാണ് യാത്ര. പിന്നെ ഗുപ്തൻ നായർ സാറുണ്ട്. കേരള കൗമുദി വാർത്തയാക്കിയപ്പോഴാണ് സൈക്കിളിൻെറ പ്രശസ്തി എനിക്ക് വന്നത്. പിന്നീട് സൈക്കിൾ കളവ് പോയപ്പോഴും വാർത്ത വന്നു.

■ **എറണാകുളം**

എറണാകുളത്തായിരിക്കുമ്പോൾ തൃപ്പൂണിത്തുറയിലായിരുന്നു താമസം. എറണാകുളത്ത് സൈക്കിളിൽ വന്ന് സാധനങ്ങൾ മേടിക്കും.
ഒരു ടിന്നു മണ്ണെണ്ണ മേടിച്ച് കൊണ്ടുപോയാൽ ഒരു മാസത്തേക്ക് തികയും. ജി. ശങ്കരക്കുറുപ്പിൻെറ വീട്ടിൽ സൈക്കിളിൽ പോകും.
സൈക്കിൾ ഓടിക്കുന്നതിലെ ത്രിൽ അനുഭവിച്ചിട്ടുണ്ട്. ചിറ്റൂരിലായിരിക്കുമ്പോൾ സൈക്കിൾ ക്ലബ് പോലെ ഒന്നുണ്ടായിരുന്നു.